## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2578 — 10.12.2014-ൽ മറുപടിക്ക്

### നവജാത ശിശുക്കൾക്ക് കൊടുക്കേണ്ട പ്രതിരോധ മരുന്നുകൾ ഉൾപ്പെടെയുള്ള വാക്സിനുകളുടെ ലഭ്യതയും ശിശുമരണ നിരക്കും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ബാലൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഇപ്പോഴത്തെ ശിശു മരണ നിരക്ക് എത്രയാണ് ; 2006 മുതലുള്ള കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ ; | (എ) സംസ്ഥാനത്തെ ഇപ്പോഴത്തെ ശിശു മരണ നിരക്ക് 12 ആണ്. സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം സർവ്വേ പ്രകാരം സംസ്ഥാനത്തെ ശിശുമരണ നിരക്ക് 2006 മുതൽ 2010 വരെ 13 -ഉം, 2011 മുതൽ 2013 വരെ 12 -ഉം ആണ്. |
| (ബി) അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് 2006 മുതലുള്ളത് വർഷം തിരിച്ച് ലഭ്യമാക്കുമോ ; | (ബി) ദേശീയ തലത്തിൽ സംസ്ഥാനങ്ങളുടെ ശിശു മരണ നിരക്ക് കണക്കാക്കുന്നത് ഇക്കാര്യത്തിനായി പ്രത്യേകമായി കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം അടിസ്ഥാനമാക്കിയുള്ള വിവര ശേഖരണം വഴിയാണ്. ഇതിന്റെ ഭാഗമായി ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ശിശുമരണ നിരക്ക് കണക്കുകൾ ശേഖരിക്കപ്പെടുന്നില്ല. ആയതിനാൽ ഈ സംവിധാന പ്രകാരമുള്ള അട്ടപ്പാടി ബ്ലോക്കിലെ ശിശുമരണ നിരക്ക് പ്രത്യേകം ലഭ്യമല്ല. ആരോഗ്യ വകുപ്പ് ജീവനക്കാർ വഴി ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കണക്കാക്കപ്പെട്ടിട്ടുള്ള അട്ടപ്പാടിയിലെ ശിശു മരണ നിരക്ക് ചുവടെ ചേർക്കുന്നു. എന്നാൽ ഇത്തരം വിവര ശേഖരണത്തിൽ പല ശിശു മരണങ്ങളും മുൻ വർഷങ്ങളിൽ വിട്ടുപോവാൻ ഇടയുണ്ട്. ചില വർഷങ്ങളിലെ വളരെ കുറഞ്ഞ നിരക്കിന് ഇതൊരു കാരണമായിട്ടുണ്ടാവും. |

(.....2)

2006 -ലെ നിരക്ക് ലഭ്യമല്ല. മറ്റ് വർഷങ്ങളിലെ ലഭ്യമായ കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | ശിശുമരണ നിരക്ക് |
|---|---|
| 2007 | 14 |
| 2008 | 9.8 |
| 2009 | 25.4 |
| 2010 | 8.3 |
| 2011 | 5.8 |
| 2012 | 25.6 |
| 2013 | 39.5 |
| 2014 | 26.7 |

(സി) നവജാത ശിശുക്കൾക്ക് കൊടുക്കേണ്ട പ്രതിരോധ മരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണോ ; ഈ മരുന്നുകൾ എല്ലാപേർക്കും സൗജന്യമായാണോ നൽകുന്നത് ; ഈ മരുന്നുകൾക്ക് എപ്പൊഴെങ്കിലും ക്ഷാമം അനുഭവപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) നവജാത ശിശുക്കൾക്ക് കൊടുക്കേണ്ട പ്രതിരോധ മരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. ഈ മരുന്നുകൾ സൗജന്യമായാണ് എല്ലാ സർക്കാർ ആശുപത്രികളിലും നൽകുന്നത്. ഈ മരുന്നുകൾക്ക് ഇത് വരെ ക്ഷാമം അനുഭവപ്പെട്ടിട്ടില്ല.

(ഡി) പെന്റാവാലന്റ് (Pentavalent) പ്രതിരോധ മരുന്നിന്റെ ഗുണദോഷങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിലപാട് വ്യക്തമാക്കുമോ ; ഇപ്പോഴും ഈ മരുന്നുകൾ ഇവിടെ ഉപയോഗിക്കുന്നുണ്ടോ ;

(ഡി) ഡോ. നോയൽ നാരായണൻ, ഡോ. ലളിത കൈലാസ്, ഡോ. പി.കെ. ജമീല എന്നീ ശിശുരോഗ വിദഗ്ദ്ധർ അടങ്ങുന്ന സമിതി ഈ വാക്സിന്റെ പ്രായോഗികമായ ആവശ്യകത വിലയിരുത്തുകയും കേരളത്തിന് ആവശ്യമാണെന്ന് കണ്ടെത്തി റിപ്പോർട്ട് ചെയ്തതിന്റേയും അടിസ്ഥാനത്തിലാണ് പെന്റാവാലന്റ് വാക്സിൻ കൊടുക്കാൻ സർക്കാർ തീരുമാനിക്കുകയുണ്ടായത്.

(ഇ) പേപ്പട്ടി വിഷബാധക്കെതിരായ പ്രതിരോധ മരുന്ന് എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണോ ; ഇല്ലെങ്കിൽ ഏതെല്ലാം ആശുപത്രികളിലാണ് ഇപ്പോൾ ലഭ്യമാകുന്നത് ; ഏതു സ്ഥാപനം ഉല്പാദിപ്പിക്കുന്ന പേപ്പട്ടി വിഷ വാക്സിനാണ് വാങ്ങുന്നതെന്ന് വ്യക്തമാക്കാമോ ?

(ഇ) പേപ്പട്ടി വിഷബാധക്കെതിരായ പ്രതിരോധ മരുന്ന് എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. Bharat Biotech International Private Limited ഉൽപ്പാദിപ്പിക്കുന്ന മരുന്നാണ് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ